മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 29

# വാർത്താക്കുറിപ്പ്

---

## എം.ജി.യിൽ പുതിയ സ്വാശ്രയ കോളേജുകൾക്കും കോഴ്സുകൾക്കും അംഗീകാരം

2022-23 അധ്യയനവർഷം മഹാത്മഗാന്ധി സർവ്വകലാശാലയുടെ കീഴിൽ പുതിയ എട്ട് അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾക്ക് സർക്കാർ ഭരണാനുമതി ലഭിച്ചിരിക്കുന്നു. കൂടാതെ, സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 42 അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും സർക്കാർ ഭരണാനുമതി ലഭിച്ചിരിക്കുന്നു.

(പി.ആർ.ഒ./39/1005/2022)

## പി.ജി. ഏകജാലകം

സാധ്യതാ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ആഗസ്റ്റ് ആറ് വരെ പുതുതായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്. കൂടാതെ സ്പോർട്ട്സ് / കൾച്ചറൽ / പി.ഡി. ക്വാട്ടകളിലേക്കുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അന്തിമ റാങ്ക് ലിസ്റ്റ് ആഗസ്റ്റ് രണ്ടിന് പ്രസിദ്ധീകരിക്കും. പ്രവേശനം ആഗസ്റ്റ് രണ്ട്, മൂന്ന് തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും.

(പി.ആർ.ഒ./39/1006/2022)

## ബി.എഡ്. ഏകജാലകം

സ്പോർട്ട്സ് / പി.ഡി. ക്വാട്ടകളിലേക്കുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അന്തിമ റാങ്ക് ലിസ്റ്റ് ആഗസ്റ്റ് രണ്ടിന് പ്രസിദ്ധീകരിക്കും. പ്രവേശനം ആഗസ്റ്റ് രണ്ട്, മൂന്ന് തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും.

(പി.ആർ.ഒ./39/1007/2022)

## വെബിനാർ

മഹാത്മാഗാന്ധി സർവ്വകലാ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യൂബേഷൻ സെന്റർ ജൂലൈ 29 മുതൽ ആഗസ്റ്റ് മൂന്ന് വരെ ആറ് ദിവസത്തെ പേറ്റന്റ് സംബന്ധമായ വെബിനാർ സംഘടിപ്പിക്കുന്നു. ഇത് ഗവേഷണ പ്രവർത്തനങ്ങളുടെ പേറ്റന്റ് സംബന്ധമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അതുവഴി ഗവേഷണ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി മാറ്റിയെടുക്കാൻ സഹായിക്കുന്നതുമാണ്. ക്ലാസുകൾ ഓൺലൈനായി നയിക്കുന്നത് ബ്ാംഗ്ലൂർ കോൺക്ലേവിറ്റ് ഡയറക്ടറും പേറ്റന്റ് ട്രെയിനറുമായ ഡോ. കെ.ടി. വർഗീസ് ആണ്. താൽപര്യമുള്ളവർക്ക് https://meet.google.com/hir-kgks-zdf എന്ന ലിങ്ക് മുഖേന വെബിനാറിൽ പങ്കെടുക്കാം.

(പി.ആർ.ഒ./39/1008/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റ് സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി അഡ്വാൻസ്ഡ് പോളിമറിക് മെറ്റീരിയൽ എന്ന വിഷയത്തിൽ രണ്ട് വർഷ (നാല് സെമസ്റ്റർ) എം.ടെക് പ്രോഗ്രാം ആരംഭിക്കുന്നു. കെമിക്കൽ / പോളിമർ എഞ്ചിനീയറിംഗ്, നാനോ ടെക്നോളജി / ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് എന്നിവയിൽ ബി.ഇ./ ബി.ടെക് ബിരുദമോ നാനോ ടെക്നോളജി, നാനോ സയൻസ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതിലെങ്കിലും എം.എസ്.സി. ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. ജനറൽ, എസ്.ടി.- ഒന്ന്, മുസ്ലിം - ഒന്ന് എന്നീ വിഭാഗങ്ങളിൽ ഒഴിവുകളുണ്ട്.
ഫെല്ലോഷിപ്പോടു കൂടിയ വിദേശത്ത് ഒരു വർഷം അന്താരാഷ്ട്ര പ്രോജക്ട്, വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ച് റിസർച്ച് പ്രോജക്ട് / ഇൻഡസ്ട്രിയൽ പ്രോജക്ട്, റിസർച്ച് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പി.എച്ച്.ഡി. റിക്രൂട്ട്മെന്റ്, പഠനം കഴിഞ്ഞ് പ്രശസ്തമായ വ്യവസായ ശാലകളിൽ നിയമനം തുടങ്ങിയവ ഈ പ്രോഗ്രാമിന്റെ സവിശേഷതകളാണ്.
താത്പര്യമുള്ളവർ അപേക്ഷയോടൊപ്പം സി.വി, മറ്റ് അനുബന്ധ സർട്ടിഫിക്കറ്റുകൾ സഹിതം materials@mgu.ac.in എന്ന ഇ-മെയിൽ വഴി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 9497585033.

(പി.ആർ.ഒ./39/1009/2022)

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസ് (ഐ.എം.പി.എസ്.എസ്.) ഇന്റഗ്രേറ്റഡ് മാസ്റ്റർ പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ് കോഴ്സിൽ എസ്.സി., ഇ.ഡബ്ല്യു.എസ്, ഒ.ബി.സി വിഭാഗങ്ങളിലേക്ക് സീറ്റുകൾ ഒഴിവുണ്ട്.

(പി.ആർ.ഒ./39/1010/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് വകുപ്പിൽ എം.എസ്.സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (2022 അഡ്മിഷൻ) ബാച്ചിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ

യോഗ്യത രേഖകളുമായി ആഗസ്റ്റ് ഒന്നിന് 12 മണിക്ക് മുമ്പായി വകുപ്പ് ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.mgu.ac.in, ഫോൺ: 9446459644.

(പി.ആർ.ഒ./39/1011/2022)

## സ്പോട്ട് അലോട്ട്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിൽ എം.എസ്.സി. മൈക്രോബയോളജി (എസ്.ടി. - ഒന്ന്), ബയോകെമിസ്ട്രി (എസ്.ടി. - ഒന്ന്) എന്നീ ഒഴിവുകളുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകളുമായി ആഗസ്റ്റ് ഒന്നിന് രാവിലെ 11 മണിക്ക് വകുപ്പ് ഓഫീസിൽ എത്തിച്ചേരണം.

(പി.ആർ.ഒ./39/1012/2022)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന കൗൺസിലിംഗ്, യോഗിക് സയൻസ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രീഡിഗ്രി/ പ്ലസ് ടു ആണ് വിദ്യാഭ്യാസ യോഗ്യത. കോഴ്സ് ഫീസ് 5200 രൂപ. കൗൺസിലിംഗ് കോഴ്സിലേക്ക് ആഗസ്റ്റ് നാല് യോഗിക് സയൻസ് കോഴ്സിലേക്ക് ആഗസ്റ്റ് 11 തീയതികളിലാണ് പ്രവേശനം നടക്കുക. അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ, അവയുടെ കോപ്പികൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, കോഴ്സ് ഫീസ് എന്നിവ സഹിതം ഡിപ്പാർട്ട്മെന്റിൽ എത്തേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 08301000560.

(പി.ആർ.ഒ./39/1013/2022)

## റദ്ദാക്കിയ പരീക്ഷ ആഗസ്റ്റ് 19 ന്

മെയ് 30 ന് നടത്തി പിന്നീട് റദ്ദാക്കിയ മൂന്നാം സെമസ്റ്റർ ബി.ടെക്ക് (പഴയ സ്കീം - 2010 ന് മുൻപുള്ള അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷ ആഗസ്റ്റ് 19 വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് 2 മുതൽ അഞ്ച് വരെ നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1014/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ ബി.വോക് ഫുഡ് ടെക്നോളജി ആൻഡ് അനാലിസിസ് (2021 അഡ്മിഷൻ - റെഗുലർ - പുതിയ സ്കീം) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് രണ്ട്, മൂന്ന് തീയതികളിൽ അരുവിത്തുറ സെന്റ് ജോർജ്സ് കോളേജിൽ വച്ച് നടത്തും. വിശദവിവിരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1015/2022)

ഒന്നാം സെമസ്റ്റർ ബി.വോക്ക് ബിസിനസ്സ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2021 അഡ്മിഷൻ - റെഗുലർ - പുതിയ സ്കീം) ജൂൺ 2022 ഡിഗ്രി പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ ആഗസ്റ്റ് രണ്ട് മുതൽ അഞ്ച് വരെ തീയതികളിൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1016/2022)

2022 ജൂൺ/ ജൂലൈ മാസങ്ങളിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി / ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് / ടൂറിസം അഡ്മിനിസ്ട്രേഷൻ ആന്റ് ഹോസ്പിറ്റാലിറ്റി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് അഞ്ച് മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1017/2022)

2022 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക്. ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ, 2019, 2018 അഡ്മിഷനുകൾ - റീ-അപ്പിയറൻസ് / ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് ആറ് മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1018/2022)

2022 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. അനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ, ബി.എ. വിഷ്വൽ ആർട്സ്, ബി.എ. അനിമേഷൻ ആൻഡ് വിഷ്വൽ എഫക്ട്സ് (സി.ബി.സി.എസ്.എസ്., 2013-2016 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ ആഗസ്റ്റ് മൂന്ന് മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1019/2022)

ഒന്നാം സെമസ്റ്റർ ബി.വോക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് (സർട്ടിഫിക്കറ്റ് കോഴ്സ് അഡ്മിഷൻ - റെഗുലർ - പുതിയ സ്കീം) ജൂൺ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ (എ.ഒ.സി.) ആഗസ്റ്റ് മൂന്നിന് അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തും.

(പി.ആർ.ഒ./39/1020/2022)

## അപേക്ഷാ തീയതി

ആഗസ്റ്റ് 17 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എച്ച്.എം. (2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - സപ്ലിമെന്ററി - പുതിയ സ്കീം), (2014-2019 അഡ്മിഷൻ - സപ്ലിമെന്ററി / 2013 അ്ഡമിഷൻ - മെഴ്സി ചാൻസ് - പഴയ സ്കീം) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ്

രണ്ട് വരെയും 525 രൂപ പിഴയോടു കൂടി ആഗസ്റ്റ് മൂന്നിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് നാലിനും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1021/2022)

അഫിലിയേറ്റഡ് കോളേജുകളുടെ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി ബി.എ. എൽ.എൽ.ബി. (2012-2015 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) (2011 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2013 - 2014 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2013 - 2014 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് രണ്ട് വരെയും 555 രൂപ പിഴയോടു കൂടി ആഗസ്റ്റ് മൂന്നിനും 1105 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് നാലിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 40 രൂപ (പരമാവധി 240 രൂപ) നിരക്കിൽ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/1022/2022)

അഫിലിയേറ്റഡ് കോളേജുകളുടെ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (2012-2015 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) (2011 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2015-2017 അഡ്മിഷൻ - സപ്ലിമെന്ററി / 2013-2014 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2013 - 2014 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് രണ്ട് വരെയും 555 രൂപ പിഴയോടു കൂടി ആഗസ്റ്റ് മൂന്നിനും 1105 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് നാലിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 40 രൂപ (പരമാവധി 240 രൂപ) നിരക്കിൽ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/1023/2022)

അഫിലിയേറ്റഡ് കോളേജുകളുടെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2016 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (2012-2015 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) (2011 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2015-2016 അഡ്മിഷൻ - സപ്ലിമെന്ററി / 2013-2014 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2013 - 2014 അഡ്മിഷൻ -

സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് രണ്ട് വരെയും 555 രൂപ പിഴയോടു കൂടി ആഗസ്റ്റ് മൂന്നിനും 1105 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് നാലിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 40 രൂപ (പരമാവധി 240 രൂപ) നിരക്കിൽ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/1024/2022)

അഫിലിയേറ്റഡ് കോളേജുകളുടെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2018 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി ബി.എ. എൽ.എൽ.ബി. (2012-2015 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) (2011 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2018 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2013 - 2014 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2018 അഡ്മിഷൻ - സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2013 - 2014 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് രണ്ട് വരെയും 555 രൂപ പിഴയോടു കൂടി ആഗസ്റ്റ് മൂന്നിനും 1105 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് നാലിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 40 രൂപ (പരമാവധി 240 രൂപ) നിരക്കിൽ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/1025/2022)

## പരീക്ഷാ ഫലം

2022 ഫെബ്രുവരിയിൽ നടത്തിയ എട്ടാം സെമസ്റ്റർ ഐ.എം.സി.എ. (റെഗുലർ) / ഡി.ഡി.എം.സി.എ. (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് 11 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/1026/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**